**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 942** **24-02-2022 - ൽ മറുപടിയ്ക്ക്**

**കനാൽ/കായലിന്റെ ആഴം വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ ഏതെല്ലാം കായൽ/ കനാലുകളിൽ പ്രളയ ശേഷം എക്കൽ/ചെളി വന്നടിഞ്ഞ് ആഴം കുറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പ്രളയശേഷം ഗുരുവായൂർ മണ്ഡലത്തിൽ ചേറ്റുവ പുഴയോട് ചേർന്നുള്ള കാളമനക്കായലിലും, കനോലി കനാലിലും ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ പൊക്കാൻചേരി പുഴക്കും കടലിനും ഇടയിലുള്ള തോടിലും ചെളി അടിഞ്ഞു കൂടി ആഴം കുറഞ്ഞിട്ടുണ്ടായിരുന്നു. കൂടാതെ, പി.സി.കനാലിൽ പുളിക്കകടവ് മുതൽ ചേറ്റുവ അഴിവരെയും ചെളി അടിഞ്ഞുകൂടി ആഴംകുറഞ്ഞിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിലെ കായൽ/കനാലുകളിൽ ചെളിയും മണ്ണും നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പൊക്കാഞ്ചേരി പുഴയ്ക്കും കടലിനും ഇടയിലുള്ള തോട്ടിലെ അടിഞ്ഞു കൂടിയ മണ്ണ്/ചെളി നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ കുന്നുകുഴി തോട്, മത്തിക്കായൽ എന്നിവയിലെ മണ്ണ്, ചെളി നീക്കം ചെയ്യുന്നതിനുള്ള പ്രൊപ്പോസലുകളും തയ്യാറാക്കി യിട്ടുണ്ട്. കനോലി കനാലിലെ ചേറ്റുവ മുതൽ ചാവക്കാട് വരെയുള്ള ഭാഗങ്ങളിലെ ആഴം കുറവുള്ള ഇടങ്ങളിൽ 4 strechകളായി Desiltation പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാളമനക്കായലിൽ മണ്ണ് / ചെളിയുടെ അളവ് വളരെ കൂടുതലായതിനാൽ ഈ കായലിലെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു വേണ്ടി നീക്കം ചെയ്യേണ്ട മണ്ണ്/ചെളിയുടെ അളവ്, ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി തിട്ടപ്പെടുത്ത ണമെന്ന്, കെ.ഇ.ആർ.ഐ പീച്ചി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി.സി കനാലിന്റെ ചാവക്കാട് മുതൽ പുന്നയൂർക്കുളം വരെയുള്ള ഭാഗങ്ങളിൽ ഡീസിൽറ്റേഷൻ പ്രവർത്തികൾ നടത്തുന്നതിനും പി.സി.കനാലിലെ പുളിക്കടവ് മുതൽ ചേറ്റുവ പാലം വരെ ഏകദേശം 1.6 കി.മീ. നീളത്തിൽ ചെളി/മണ്ണ് നീക്കം ചെയ്യുന്നതിനും 2022-23 സി.എസ്.ഐ.എൻ.ഡി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ